# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T3029 — 21.6.2013-ൽ മറുപടിക്ക്

### പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്നത് പ്രതിരോധിക്കാൻ നടപടി

**ചോദ്യം**

ശ്രീമതി ഗീതാഗോപി

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
വകുപ്പു മന്ത്രി)

**ചോദ്യം:**

എ) കാലവർഷം ആരംഭിച്ചതോടെ സംസ്ഥാനത്തെ പട്ടണങ്ങളിലേയും പാതയോരങ്ങളിലേയും മാലിന്യങ്ങൾ ഒഴുകി കിണറുകളും കുളങ്ങളും മലീമസമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സാഹചര്യം പ്രതിരോധിക്കാൻ എന്തെല്ലാം മലിനീകരണ നിയന്ത്രണ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ ?

**ഉത്തരം:**

എ) & ബി) കിണറുകളിലേയും കുളങ്ങളിലേയും ജലം മലീമസമാകാതെയിരിക്കുന്നതിനായി കാലവർഷം തുടങ്ങുന്നതിനു മുമ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഓരോ വാർഡിലും ഉൾപ്പെടുന്ന പ്രദേശങ്ങളിൽ മഴവെള്ളം ഒഴുകിപ്പോകുന്നതിലേയ്ക്ക് ഓടകൾ വൃത്തിയാക്കുന്നതിനും, ഡ്രൈ ഡേ, വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കൽ തുടങ്ങി മറ്റ് ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കുമായി സാമ്പത്തിക സഹായമായി ഓരോ വാർഡിനും 25000/- രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്. ആയത് നിർവ്വഹണം നടത്തേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്.

സെക്ഷൻ ഓഫീസർ